(സി) ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ ഫലമായി പ്രതിശീർഷ വരുമാനം എത്ര കണ്ടു വർദ്ധിച്ചു;

(ഡി) ജനകീയാസൂത്രണത്തിന്റെ ഫലമായി ആളോഹരി വരുമാനം വർദ്ധിക്കാത്തപക്ഷം അതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് അന്വേഷിക്കുമോ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരം ഏറ്റെടുത്തപ്പോൾ (1996-97 സാമ്പത്തിക വർഷം) സംസ്ഥാനത്തിന്റെ ആളോഹരി വരുമാനം (സ്ഥിരവിലയുടെ അടിസ്ഥാനത്തിൽ) 2325 രൂപയായിരുന്നു. ഇത് 1997-98-ൽ 2444 രൂപയായി വർദ്ധിച്ചിട്ടുണ്ട്.

(ബി) 1997-98 നു ശേഷമുള്ള ആളോഹരി വരുമാനത്തെ സംബന്ധിച്ച് കണക്ക് ലഭ്യമായിട്ടില്ല.

(സി) കണക്കാക്കിയിട്ടില്ല.

(ഡി) ജനകീയാസൂത്രണത്തിന്റെ ഫലമായി സംസ്ഥാന വരുമാനം, ആളോഹരി വരുമാനം ഇവയിൽ വർദ്ധനയുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. 1995-96 ൽനിന്ന് 1997-98 ൽ സംസ്ഥാന വരുമാനത്തിൽ 14.1 ശതമാനവും പ്രതിശീർഷവരുമാനത്തിൽ 11.1 ശതമാനവും (സ്ഥിര വിലയുടെ അടിസ്ഥാനത്തിൽ) വർദ്ധനവാണുണ്ടായിട്ടുള്ളത്. ജനകീയാസൂത്രണത്തിന്റെ ഫലമായി വരുമാനത്തിൽ ഉണ്ടായ വർദ്ധനവ് പ്രത്യേകമായി കണക്കാക്കിയിട്ടില്ല.

സിവിൽ സർവീസ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായുള്ള നടപടികൾ

6 (2935) ശ്രീ. പി. രാജു :
ശ്രീ. അനിരുദ്ധൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്):
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സിവിൽ സർവീസ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സർവീസ് സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ സംഘടനകളുമായി ചർച്ച നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ഉണ്ട്.

വോട്ടർ പട്ടിക പുതുക്കൽ

7 (2936) ശ്രീ. കെ.എം. മാണി :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് വോട്ടർ പട്ടിക തയ്യാറാക്കിയപ്പോൾ പുതിയ വോട്ടർമാരുടെ എണ്ണത്തിലുണ്ടായ വർദ്ധനയിൽ തെരഞ്ഞെടുപ്പ് കമ്മിഷൻ സംശയം പ്രകടിപ്പിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു മൂലം ആദ്യം തയ്യാറാക്കിയ പട്ടികയിൽ മാറ്റം വരുത്തുകയുണ്ടായോ;

(ബി) ഈ കാര്യം സംബന്ധിച്ച് വിശദവിവരങ്ങൾ അറിയിക്കുമോ;

(സി) പുതുക്കിയ വോട്ടർ പട്ടിക എന്നത്തേക്ക് പ്രസിദ്ധീകരിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ)&(ബി) സംസ്ഥാനത്ത് നിലവിലുള്ള വോട്ടർ പട്ടികയിൽ പുതുതായി പേര് ചേർക്കുന്നതിന് ലഭിച്ച അപേക്ഷകളുടെ എണ്ണം ദേശീയ ശരാശരിയേക്കാൾ കൂടുതലായതിനാൽ അവ സൂക്ഷ്മ പരിശോധന നടത്തിയിട്ടേ പുതുക്കിയ വോട്ടർ പട്ടികയിൽ പേര് ഉൾപ്പെടുത്താവൂ എന്ന് കേന്ദ്ര തെരഞ്ഞെടുപ്പു കമ്മീഷൻ നിർദ്ദേശിക്കുകയുണ്ടായി. അതനുസരിച്ച് വോട്ടർ പട്ടിക തയ്യാറായി വരുന്നതേയുള്ളു.

(സി) പുതുക്കിയ വോട്ടർപട്ടിക 21.7.1999ന് പ്രസിദ്ധീകരിക്കുന്നതാണ്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

8 (2937)ശ്രീ. കെ. സുധാകരൻ :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കുള്ള ഫണ്ട് സ്വരൂപിക്കുന്നതു എങ്ങനെയാണ്;

(ബി) ഈ ഫണ്ടിൽ നിന്ന് ഏതൊക്കെ തരത്തിലുള്ള ദുരിതങ്ങൾക്കാണ് ധനസഹായം നൽകി വരുന്നത്;

(സി) ഈ ഫണ്ടിൽ ഇനി എന്തു തുക അവശേഷിക്കുന്നു;

(ഡി) രാഷ്ട്രീയ സംഘട്ടനത്തിനും വർഗ്ഗീയ സംഘട്ടനത്തിനും ഈ ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കാൻ പാടില്ലായെന്ന് ജില്ലാ കളക്ടർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ടോ എങ്കിൽ അതു പാലിക്കപ്പെടുന്നുണ്ടോ;

(ഇ) നിർദ്ധനരായ രോഗികൾക്ക് ചികിത്സ സഹായത്തിനും കൂടി ഉദ്ദേശിച്ചിട്ടുള്ള ഈ ഫണ്ടിൽ നിന്നും രാഷ്ട്രീയ വർഗ്ഗീയ കലാപങ്ങൾക്ക് തുക അനുവദിക്കുവാൻ നിയമപരമായി വ്യവസ്ഥയുണ്ടോ;

(എഫ്)ഈ ഫണ്ടിൽ നിന്ന് ചികിത്സാ സഹായമായി അനുവദിക്കാവുന്ന പരമാവധി തുക എത്ര; അതിൽ കൂടുതൽ ആർക്കെങ്കിലും ഈ സർക്കാർ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ആർക്കൊക്കെ എത്ര തുക വീതം എന്താവശ്യത്തിനായി അനുവദിച്ചു എന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്താമോ;

(ജി) 1998-ൽ മുഖ്യമന്ത്രി നടത്തിയ പൊതു അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ ദുരിതാശ്വാസനിധിയിലേക്ക് ഓരോ ജില്ലയിൽ നിന്ന് എത്ര തുക ലഭിച്ചുവെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly